**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3365** **14-07-2022 - ൽ മറുപടിയ്ക്ക്**

**ചക്കയുടെ ഉപയോഗ വിപണന സാധ്യതകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിന്റെ ഔദ്യോഗിക പഴമായ ചക്കയുടെ ഉല്പാദനം ഏത് ജില്ലയിലാണ് കൂടുതലായിട്ടുള്ളത്; ഉല്പാദന വിവരം ജില്ല തിരിച്ച് അറിയിക്കാമോ; | (എ) | അഗ്രിക്കൾച്ചർ സ്റ്റാറ്റിസ്റ്റിക്സ് 2019-20 പ്രകാരം കേരളത്തിന്റെ ഔദ്യോഗിക ഫലമായ ചക്കയുടെ ഉൽപാദനം ഏറ്റവും കൂടുതൽ ഇടുക്കി ജില്ലയിലാണ്. ജില്ലതിരിച്ചുള്ള ചക്കയുടെ ഉല്പാദനം ചുവടെ ചേർക്കുന്നു. |
| (ബി) | ചക്കയുടെ മൂല്യ വർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും വിപണനം നടത്തുന്നതിനുമായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | (ബി) | വി.എഫ്.പി.സി.കെ മുഖേനയുള്ള പഴവർഗ്ഗ കൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ചക്കയുടെ സംഭരണം, വിപണനം, മൂല്യവർദ്ധനം എന്നിവ നടപ്പിലാക്കുന്നതിന് കൗൺസിൽ പദ്ധതിയിടുന്നു. ഇടുക്കി ജില്ലയിലെ കലയന്താനിയിലും, വയനാട് ജില്ലയിലെ മുട്ടിലിലും ചക്ക വിപണന കേന്ദ്രം ആരംഭിച്ചിട്ടുണ്ട്. ഇടുക്കി, വയനാട് ജില്ലകളിലെ വിപണന ശൃംഖല കൂടുതൽ വിപുലീകരിക്കുന്നതിന് ടി ജില്ലകളിൽ ചക്ക സംഭരണത്തിന് കിലോയ്ക്ക് 5 രൂപ എന്ന നിരക്കിൽ കർഷകർക്ക് സഹായം നൽകുന്നതിനും പദ്ധതിയുണ്ട്. 2021-22 സാമ്പത്തിക വർഷം 100 ടണ്ണോളം ചക്കയുടെ വിപണനം നടത്തിയിട്ടുണ്ട്. ഇതു വഴി ഫ്രോസൺ ജാക്ക്, ചക്ക പൊടി, ചക്ക കുരു പൊടി, ചക്ക ഹൽവ്വ തുടങ്ങിയവ "തളിർ" ബ്രാൻഡിൽ വിപണനം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>ചക്കയുടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും വിപണനം നടത്തുന്നതിനുമായി കേരള കാർഷിക സർവ്വകലാശാല സാങ്കേതിക പരിജ്ഞാനം ലഭ്യമാക്കുകയും, പ്രായോഗിക പരിശീലനം നൽകുകയും ചെയ്തു വരുന്നു. കൂടാതെ സാങ്കേതിക വിദ്യ കൈമാറ്റം, നൂതന ആശയങ്ങളിലൂന്നിയ സംരംഭകർക്ക് സാമ്പത്തിക സഹായവും നൽകി വരുന്നുണ്ട്. |
| (സി) | പ്രമേഹരോഗികൾക്ക് ഏറ്റവും അനുയോജ്യമായ ഭക്ഷണമായി ചക്കയുടെ വിവിധ ഉല്പന്നങ്ങളെ | (സി) | ഇല്ല |

| | | | |
|---|---|---|---|
| | കണ്ടെത്തിയിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് കേരളത്തിൽ ഏതെങ്കിലും തരത്തിലുള്ള ക്ലിനിക്കൽ സ്റ്റഡി നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | | |
| (ഡി) | ചക്കയുടെ ഉപയോഗ സാധ്യതകളെക്കുറിച്ച് ശാസ്ത്രീയമായ അറിവ് ലഭിക്കുന്നതിനായി ഒരു ക്ലിനിക്കൽ സ്റ്റഡി നടത്തുന്നതിന് തയ്യാറാകുമോ; വ്യക്തമാക്കാമോ? | (ഡി) | ചക്കയുടെ ഉപയോഗ സാധ്യതകളെക്കുറിച്ച് ശാസ്ത്രീയമായ അറിവ് ലഭിക്കുന്നതിനായി ഒരു ക്ലിനിക്കൽ സ്റ്റഡി, കേരള കാർഷിക സർവ്വകലാശലയുടെ കമ്മ്യൂണിറ്റി ശാസ്ത്ര വിഭാഗം മുഖേന നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

| ക്രമ. നം. | ജില്ല | മില്ല്യൻ നമ്പേഴ്സ് |
|---|---|---|
| 1 | തിരുവനന്തപുരം | 26 |
| 2 | കൊല്ലം | 19 |
| 3 | പത്തനംതിട്ട | 11 |
| 4 | ആലപ്പുഴ | 6 |
| 5 | കോട്ടയം | 14 |
| 6 | ഇടുക്കി | 57 |
| 7 | എറണാകുളം | 15 |
| 8 | തൃശ്ശൂർ | 16 |
| 9 | പാലക്കാട് | 21 |
| 10 | മലപ്പുറം | 24 |
| 11 | കോഴിക്കോട് | 24 |
| 12 | വയനാട് | 26 |
| 13 | കണ്ണൂർ | 15 |
| 14 | കാസർഗോഡ് | 12 |